2012
ഫെബ്രുവരി
2
വ്യാഴം

e-mail: city@kaumudi.com

സിറ്റി കൗമുദി

**നഗരം ഇന്ന്**

ഉദയം: രാവിലെ 6.43 ന്
അസ്തമയം: വൈകിട്ട് 6.29 ന്

**ഭാഗികമായി മേഘാവൃതമായിരിക്കും. മഴയ്ക്ക് സാദ്ധ്യതയില്ല.**



ഫോട്ടോ: എസ്.എസ്. റാം

സി.പി.എം സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് കേരള യൂണിവേഴ്സിറ്റിക്കു മുന്നിൽ (വയലാർ സ്ക്വയർ) സ്ഥാപിച്ചിരിക്കുന്ന ഗ്രാമഫോൺ മാതൃക. തെർമോക്കോളിലാണ് ഇത് നിർമ്മിച്ചിരിക്കുന്നത്

# ഒരു കോടിയുടെ ഹാഷിഷ് പിടിച്ചു

## ബീഹാർ സ്വദേശി ഉൾപ്പെടെ രണ്ട് പേർ പിടിയിൽ

**കോവളം സതീഷ്കുമാർ**



മണ്ഡൂദാസും (ഇടത്ത്) ശ്രീപ്രസാദും

തിരുവനന്തപുരം: മറ്റു സംസ്ഥാനങ്ങളിൽ നിന്നും തലസ്ഥാനത്തേക്ക് വൻ തോതിൽ മയക്കുമരുന്ന് ഒഴുകിയെത്തുന്നു. അന്താരാഷ്ട്ര മയക്കു മരുന്നു ശൃംഖലയിൽ പെട്ട ബീഹാർ സ്വദേശിയെ ഹാഷിഷുമായി കോവളത്തു നിന്നും പിടികൂടിയതോടെയാണ് അന്യ സംസ്ഥാനക്കാർ വഴി തലസ്ഥാനത്തേക്ക് വൻ തോതിൽ മയക്കുമരുന്ന് എത്തുന്നുണ്ടെന്ന് പൊലീസിന് വ്യക്തമായത്.

ബീഹാർ ഗോപാൽകുഞ്ച് കുഞ്ച്ഗാവ് ജില്ലയിലെ മണ്ഡൂദാസി (30)നെയാണ് 1.690 കിലോഗ്രം ഹാഷിഷുമായി പിടികൂടിയത്. ഇയാളുടെ ബിസിനസ് പങ്കാളിയും കോവളത്ത് കച്ചവടം നടത്തുന്നതിനുള്ള എല്ലാ സഹായവും ചെയ്തു കൊടുക്കുന്ന കുറ്റിച്ചൽ ഉത്തരംകോട് വിനോദ് ഭവനിൽ ശ്രീപ്രസാദിനെ(37)യും പൊലീസ് അറസ്റ്റു ചെയ്തിട്ടുണ്ട്.

15 ലക്ഷം രൂപ വില വരുന്ന ഹാഷിഷാണ് ഇവരിൽ നിന്നും പിടിച്ചെടുത്തിട്ടുള്ളത്. എന്നാൽ ചെറിയ പൊതികളിൽ ഇവ വിൽക്കുമ്പോൾ ഒരു കോടി രൂപയോളം ഇവർക്ക് ലഭിക്കുമെന്ന് പൊലീസ് പറഞ്ഞു.

ഒറീസ, യു.പി, ഡൽഹി എന്നിവിടങ്ങളിൽ നിന്ന് തലസ്ഥാനത്ത് മയക്കു മരുന്ന് എത്തിക്കുന്നവരിൽ പ്രധാനിയാണ് മണ്ഡൂദാസ് എന്ന് പൊലീസ് കണ്ടെത്തിയിട്ടുണ്ട്. വിപുലമായ നെറ്റ്‌വർക്കാണ് ഇയാൾ ജില്ലയൊട്ടാകെ മയക്കുമരുന്ന് കച്ചവടത്തിനായി രൂപീകരിച്ചിട്ടുള്ളതെന്നും അന്വേഷണത്തിൽ വ്യക്തമായതായി ഫോർട്ട് എ.സി. രാധാകൃഷ്ണൻ നായർ പറഞ്ഞു.

കോവളത്ത് മാത്രമല്ല, നഗരത്തിനകത്തും പുറത്തും നിരവധി സബ് ഏജന്റുമാർ മണ്ഡൂദാസിൽ നിന്നും ഹാഷിഷ് മൊത്തമായി വാങ്ങി ചില്ലറ കച്ചവടം നടത്തുന്നുണ്ട്. ഇവരേയും കുടുക്കാനുള്ള പദ്ധതിക്ക് പൊലീസ് രൂപം നൽകി വരികയാണ്.

മണ്ഡൂദാസിനെ കൂടാതെ ഏതാനും ബംഗാൾ സ്വദേശികൾ വഴിയും മയക്കു മരുന്ന് ജില്ലയിൽ എത്തുന്നതായി പൊലീസിന് വിവരം ലഭിച്ചിട്ടുണ്ട്. കോവളം, വർക്കല തുടങ്ങിയ വിനോദ സഞ്ചാരകേന്ദ്രങ്ങളിലും നഗരത്തിലും ഇവർ മയക്കുമരുന്ന് എത്തിക്കുന്നുണ്ട്.

### മണ്ഡൂദാസിന്റെ ഓപ്പറേഷൻ ഇങ്ങനെ

വിദേശികളെ ലക്ഷ്യമിട്ടാണ് മണ്ഡൂദാസ് കോവളത്തെത്തുന്നത്. സബ് ഏജന്റായി കണ്ടെത്തിയ ശ്രീപ്രസാദ് ആളൊരു കള്ള സ്വാമിയാണ്. സന്യാസി വേഷത്തിൽ നടക്കും. വിദേശികളുമായി ചങ്ങാത്തം സ്ഥാപിക്കും. സായിപ്പായാലും മദാമ്മയായാലും മയക്കു മരുന്ന് മോഹിച്ചു നടക്കുന്നവരാണെന്ന് ബോദ്ധ്യമായാൽ ഇയാൾ 'ഡീൽ' ഉറപ്പിക്കും.

കുറച്ചു നാളായി കോവളത്ത് ചുറ്റിത്തിരിയുന്ന ശ്രീപ്രസാദിന് കോവളത്തെ ചില ഹോട്ടലുകാരുമായും റസ്റ്റോറന്റുകാരുമായും നല്ല ബന്ധമാണുള്ളത്. ഈ ബന്ധം മറയാക്കിയാണ് ഇയാൾ കസ്റ്റമേഴ്സിനെ കണ്ടെത്തുന്നതെന്ന് പൊലീസ് പറഞ്ഞു. ചില റസ്റ്റോറന്റുകാർ മയക്കു മരുന്ന് കച്ചവടത്തിന് ഒത്താശ ചെയ്തു കൊടുത്ത് കമ്മീഷൻ വാങ്ങുന്നതായും വിവരം ലഭിച്ചിട്ടുണ്ടെന്ന് കോവളം എസ്.ഐ ഒ.എ. സുനിൽ പറഞ്ഞു.

ഇന്നലെ പതിവു പോലെ മയക്കു മരുന്നുമായി എത്തി ബീച്ചിൽ ഒരു വിദേശിക്ക് 'കൈനീട്ട' കച്ചവടം നടത്തി നിൽക്കുമ്പോഴായിരുന്നു ഫോർട്ട് എ.സി. രാധാകൃഷ്ണൻ നായരുടെ നിർദേശ പ്രകാരം മണ്ഡൂദാസിനേയും ശ്രീപ്രസാദിനേയും പൊലീസ് അറസ്റ്റു ചെയ്തത്.

# നഗരത്തിന്റെ ഡോക്ടർക്ക് ദേശീയ ബഹുമതി



ഡോ. ജി. വിജയരാഘവൻ ഇന്നലെ കേരളകൗമുദിയോട് സംസാരിച്ചപ്പോൾ

ഫോട്ടോ: വിനോദ് രവീന്ദ്രൻ

**പ്രതീഷ് ഡി. മണി**

**ന്യൂഡൽഹിയിലെ നാഷണൽ ബോർഡ് ഒഫ് എക്സാമിനേഷൻസിന്റെ ഡിസ്റ്റിംഗ്വ്യൂഷ്ഡ് ടീച്ചർ ഇൻ കാർഡിയോളജി അവാർഡിന് ഹൃദയ ചികിത്സാ വിദഗ്ധൻ ഡോ. ജി. വിജയരാഘവൻ ഇന്നലെ അർഹനായി**

തിരുവനന്തപുരം: വൈദ്യശാസ്ത്ര ഉന്നത വിദ്യാഭ്യാസ രംഗത്തെ ഗുണമേൻമ നിശ്ചയിക്കുകയും പരീക്ഷകൾ നടത്തുകയും ചെയ്യുന്ന ന്യൂഡൽഹിയിലെ നാഷണൽ ബോർഡ് ഒഫ് എക്സാമിനേഷൻസിന്റെ ഡിസ്റ്റിംഗ്വ്യൂഷ്ഡ് ടീച്ചർ ഇൻ കാർഡിയോളജി അവാർഡ് ഹൃദയചികിത്സാ വിദഗ്ധനായ ഡോ. ജി. വിജയരാഘവന്. ഇന്നലെ ന്യൂഡൽഹിയിൽ നടന്ന മെഡിക്കൽ ബിരുദദാന ചടങ്ങിനിടെയാണ് അവാർഡ് പ്രഖ്യാപനമുണ്ടായത്. ഇത്തരത്തിലൊരു അവാർഡ് ആദ്യമായാണ് നാഷണൽ ബോർഡ് ഒഫ് എക്സാമിനേഷൻസ് പ്രഖ്യാപിക്കുന്നത്. അവാർഡിനായി തന്നെ തിരഞ്ഞെടുത്തത് വലിയൊരു സർപ്രൈസായെന്ന് ഡോ. വിജയരാഘവൻ സിറ്റി കൗമുദിയോട് പറഞ്ഞു. "ദേശീയ തലത്തിൽ വിവിധ ആശുപത്രികളിലെ ഫാക്കൾട്ടിയുടെ വിവരം നാഷണൽ ബോർഡ് ഒഫ് എക്സാമിനേഷൻസ് അടുത്തിടെ ശേഖരിച്ചിരുന്നു. അക്കൂട്ടത്തിൽ ഇവിടെ നിന്ന് (ഡോ. വിജയരാഘവൻ ഇപ്പോൾ കിംസ് ആശുപത്രിയിലാണ്) എന്റെ വിവരങ്ങൾ നൽകിയിരുന്നു. എങ്കിലും അവാർഡ് പ്രതീക്ഷിച്ചിരുന്നില്ല," അദ്ദേഹം പറഞ്ഞു.

***ഡോ. വിജയരാഘവൻ നൽകുന്ന ഹെൽത്ത് ടിപ്സ്***

### നല്ല ഹൃദയത്തിന്

*ഹൃദ്രോഗത്തിനെ അകറ്റാനും ആരോഗ്യമുള്ള ഹൃദയത്തിനും:*

- ദിവസവും ഒരു മണിക്കൂറെങ്കിലും നടക്കണം
- വണ്ണം കുറയ്ക്കണം
- ആഹാരം മിതമാക്കുക
- ആഹാരത്തിൽ ഉപ്പ് കുറയ്ക്കുക
- പഴവർഗങ്ങൾ ദിവസവും കഴിക്കുക
- പുകവലിക്കരുത്
- മദ്യപാനം ഒഴിവാക്കണം
- വറുത്തതും പൊരിച്ചതും ആഹാരത്തിൽ നിന്ന് ഒഴിവാക്കുക.
- ഇടയ്ക്കിടെ ആഹാരം കഴിക്കുന്നത് ഒഴിവാക്കുക

### സ്ട്രെസ് ലൈഫ്

ജോലിയുടെ ഭാഗമായും മറ്റും വർദ്ധിച്ചു വരുന്ന മാനസിക സംഘർഷം രോഗാവസ്ഥയിലേക്ക് നയിക്കും. മാനസിക സംഘർഷം ഇന്ന് ജീവിതത്തിന്റെ ഭാഗമായി മാറിയ അവസ്ഥയാണ്. ഒരു പരിധിവരെ ഇതിനെ നിയന്ത്രിക്കാൻ കഴിയുമെന്ന് ഡോ. വിജയരാഘവൻ പറയുന്നു. ഇതിനായി അദ്ദേഹം നൽകുന്ന നിർദ്ദേശങ്ങൾ:

- ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസം ജോലിക്ക് അവധി നൽകി വിശ്രമത്തിന് സമയം കണ്ടെത്തുക.
- യോഗയും ധ്യാനവും സ്ട്രെസ് കുറയ്ക്കാൻ ഏറെ സഹായകരമാണ്. ദിവസവും അര മണിക്കൂറെങ്കിലും ഇതിനായി ചെലവഴിക്കുക.
- ഉറക്കം ജീവിതത്തിൽ വളരെ പ്രധാനമാണ്. ആറു മണിക്കൂറെങ്കിലും ഉറങ്ങണം. ഉറക്കക്കുറവ് രക്തസമ്മർദ്ദം വർദ്ധിപ്പിക്കും.
- ഇന്നത്തെ യുവാക്കളിൽ കാണുന്ന ഒരു പ്രധാന പ്രശ്നമാണ് താമസിച്ച് കിടക്കുകയും നേരത്തെ എണീക്കുകയും പെട്ടെന്ന് തയ്യാറായി ഓഫീസിലേക്ക് ഓടുകയും ചെയ്യുന്നത്. ഈ രീതി ഒഴിവാക്കുക.

### ഫൈനൽ പോയിന്റ്

സർക്കാർ സ്ഥാപനങ്ങളായാലും പ്രൈവറ്റ് സ്ഥാപനങ്ങളായാലും ഒരു മാസത്തെ അവധി നൽകാറുണ്ട്. അത് വിറ്റ് കാശാക്കാനുള്ളതല്ല. കുടുംബത്തോടൊപ്പം ഒരു ഉല്ലാസയാത്ര പോവുക.



പ്ലാസ്റ്റിക് സംസ്കരണത്തിനായി നഗരസഭ വാങ്ങിയ ഷ്രെഡ്ഡിംഗ് മെഷീനുകളിലൊന്ന് മണക്കാട് നഗരസഭാ സർക്കിൾ ഓഫീസിൽ ഉപയോഗശൂന്യമായി കിടക്കുന്നു



മണക്കാട് പ്ലാസ്റ്റിക് സംസ്കരണ പ്ലാന്റിന് വേണ്ടി നിർമ്മിക്കാൻ തുടങ്ങിയ കെട്ടിടം പണി തറക്കല്ലിട്ടതോടെ മുടങ്ങിയപ്പോൾ

# പ്ലാസ്റ്റിക് മാലിന്യം കുമിയുന്നു

# സംസ്കരണ യൂണിറ്റുകൾ പ്രവർത്തിക്കുന്നില്ല

**കെ.പി. കൈലാസ്നാഥ്**

തിരുവനന്തപുരം: ചവർലോറികൾ വിളപ്പിൽശാലയിലെത്തിക്കാൻ ധൃതി പിടിക്കുന്ന നഗരസഭയ്ക്ക് കൈവശമുള്ള 3 പ്ലാസ്റ്റിക് സംസ്കരണ യൂണിറ്റുകളും പ്രവർത്തിപ്പിക്കാൻ താത്പര്യമില്ല.

ലക്ഷക്കണക്കിന് രൂപ ചെലവഴിച്ചാണ് 3 പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ നഗരസഭ വാങ്ങിയത്. ഇതിൽ ഒന്ന് മണക്കാട് സർക്കിൾ ഓഫീസിൽ കെട്ടിക്കിടപ്പാണ്. സർക്കിൾ ഓഫീസ് കോമ്പൗണ്ടിൽ പ്ലാസ്റ്റിക് സംസ്കരണ പ്ലാന്റ് സ്ഥാപിക്കാൻ തറ കെട്ടിയെങ്കിലും പിന്നെ പണിയൊന്നും നടന്നില്ല. വാർഡ് കൗൺസിലറുടെ നേതൃത്വത്തിൽ ഒരു സംഘം എതിർപ്പ് തുടങ്ങിയതോടെയാണ് പണി നിന്നത്.പേരൂർക്കടയിലാണ് രണ്ടാമത്തെ യൂണിറ്റ് തുടങ്ങാൻ ആലോചിച്ചത് .അതും തുടങ്ങിയില്ല. മൂന്നാമത്തെ യന്ത്രം എവിടെയാണുള്ളതെന്ന് ആർക്കും അറിയില്ല. നഗരസഭയിലെ ഹെൽത്ത് വിഭാഗവും എൻജിനീയറിംഗ് വിഭാഗവും ഒരുമിച്ച് നിന്നാലേ പ്ലാസ്റ്റിക് സംസ്കരണ പ്ലാന്റ് സ്ഥാപിക്കാൻ കഴിയൂ. ഇരുവിഭാഗവും തമ്മിലുള്ള യോജിപ്പില്ലായ്മയും പണി പൂർത്തിയാവാത്തതിന് തടസ്സമായി.

## ദിനം പ്രതി 40 ടൺ പ്ലാസ്റ്റിക് മാലിന്യം

നഗരത്തിൽ പ്രതിദിനം 40 ടൺ പ്ലാസ്റ്റിക് മാലിന്യമുണ്ടാകുമെന്നാണ് കരുതുന്നതെന്ന് നഗരസഭ ഹെൽത്ത് ഓഫീസർ ഡോ. ശ്രീകുമാർ പറയുന്നു. ചെറിയ യൂണിറ്റുകളാണ് നഗരസഭ തുടങ്ങാനാലോചിച്ചത്. നാട്ടുകാർ എതിർത്താൽ എന്തുചെയ്യും എന്ന ചോദ്യമാണ് ഹെൽത്ത് ഓഫീസർ ചോദിക്കുന്നത്.

മാലിന്യം ശേഖരിക്കുമ്പോൾ ജൈവമാലിന്യങ്ങളും പ്ലാസ്റ്റിക് മാലിന്യങ്ങളും വേർതിരിക്കുകയും അതോടൊപ്പം പ്ലാസ്റ്റിക് സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുകയും ചെയ്തിരുന്നുവെങ്കിൽ നഗരത്തിലെ മാലിന്യപ്രശ്നം പരിഹരിക്കുന്നതിൽ വൻമുന്നേറ്റം ഉണ്ടാവുമായിരുന്നു. ഷ്രെഡ്ഡ് ചെയ്ത പ്ലാസ്റ്റിക് എടുക്കാൻ അനേകം റീസൈക്ളിംഗ് യൂണിറ്റുകൾ കാത്തിരിക്കുമ്പോഴാണ് അധികൃതരുടെ കുട്ടിക്കളി. അധികാരികളുടെ കൂടെ കൗൺസിലർമാരുടെയും പിടിപ്പുകേട് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് തടസ്സമായി.

### മേയറുടെ വാഗ്ദാനം പാഴായി

നിങ്ങൾ പ്ലാസ്റ്റിക്കുകൾ കഴുകി വീട്ടിൽ വച്ചാൽ മതി, ക്രിസ്മസ് കഴിഞ്ഞാൽ ഞങ്ങൾ ശേഖരിച്ചുകൊള്ളാം എന്നാണ് മേയർ നേരത്തെ പറഞ്ഞിരുന്നത്.

ഒടുവിൽ പ്ലാസ്റ്റിക് സംസ്കരണ യൂണിറ്റ് തുടങ്ങാൻ സർക്കാർ പാപ്പനംകോട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ഒരു പ്ളോട്ട് അനുവദിക്കുകയും ചെയ്തു. അവിടെയും ചിലർ എതിർപ്പുമായി വന്നു. ജനങ്ങളുടെ പ്രതിനിധിയും എതിർക്കുന്നവരുടെ മുന്നിൽ ഉണ്ടായിരുന്നു. അങ്ങനെ മേയറുടെ വാഗ്ദാനവും വെറുതെയായി. വിളപ്പിൽശാലയിലെ പ്ലാന്റ് തുറപ്പിക്കാൻ കോടതികയറുന്ന നഗരസഭയ്ക്ക് സ്വന്തം പ്ലാന്റുകൾ എന്തേ പ്രവർത്തിപ്പിക്കാത്തത് എന്ന് ചോദിച്ചാൽ ഉത്തരമില്ല.

## സ്വകാര്യമാവാം

പാപ്പനംകോട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ സ്വകാര്യവ്യക്തിയുടെ പ്ളാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് ഉണ്ടെന്നാണ് നഗരസഭ ഹെൽത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപെഴ്സൺ പുഷ്ലത പറയുന്നത്. ഇതൊക്കെ ചൂണ്ടിക്കാട്ടി എതിർപ്പുമായി വരുന്നവരെ അനുനയിപ്പിക്കാൻ നോക്കിയിട്ടും നടക്കുന്നില്ലത്രെ.

സ്വകാര്യ പ്ളാന്റ് ആവാം, സർക്കാർ പ്ലാന്റ് വേണ്ട എന്നു പറയുന്നത് ശരിയാണോ എന്നാണ് പുഷ്പലതയുടെ ചോദ്യം. നഗരത്തിലിതൊന്നും പറ്റില്ല ,വിളപ്പിൽശാലയിൽ ആയിക്കോട്ടെ എന്നാണോ എന്ന മറുചോദ്യമാണ് നഗരസഭ അധികൃതരോട് ചോദിക്കേണ്ടത്.

## ഇനി ജയിൽ ശരണം

പൂജപ്പുര സെൻട്രൽ ജയിൽ കോമ്പൗണ്ടിൽ ഇനി പ്ളാസ്റ്റീക് സംസ്കരണ പ്ലാന്റ് തുടങ്ങാമെന്നാണ് ഇപ്പോൾ സർക്കാരിന്റെ നിലപാട്.

എന്നാൽ നഗരത്തിൽ ഇതൊന്നും പാടില്ല എന്ന നിലപാടുമായി ഇനിയാരെങ്കിലും വരുമോ എന്ന ആശങ്കയിലാണ് അധികൃതർ.

# എൽ.എൽ.ബി കുട്ടികൾ 'മേഴ്സി'ക്കായി കേഴുന്നു

**സി.പി. ശ്രീഹർഷൻ**

തിരുവനന്തപുരം: കേരള സർവകലാശാലയിൽ പരീക്ഷാ കൺട്രോളറുടെ ഓഫീസ് ഇറക്കിയ ഉത്തരവിന് പുല്ലുവില കല്പിച്ച് എൽ.എൽ.ബി വിദ്യാർത്ഥികളിൽ നിന്ന് പരീക്ഷാവിഭാഗം വൻ തുക ഫീസ് ഈടാക്കിയെന്ന് പരാതി.

എൽ.എൽ.ബി മേഴ്സി ചാൻസ് പരീക്ഷയ്ക്ക് അപേക്ഷിച്ച വിദ്യാർത്ഥികൾക്കാണ് ഉദ്യോഗസ്ഥരുടെ താൻപോരിമ ദുർഗതി വരുത്തിയത്.

മേഴ്സി ചാൻസ് പരീക്ഷയ്ക്ക് അപേക്ഷിക്കുന്നവർ പരീക്ഷാഫീസിനു പുറമേ 3000 രൂപ അഡിഷണൽ ഫീസ് അടയ്ക്കണമെന്ന് വിജ്ഞാപനത്തിൽ പറഞ്ഞിരുന്നു. എന്നാൽ ഒന്നിലധികം വർഷത്തെ പരീക്ഷ എഴുതുന്ന വിദ്യാർത്ഥി ഓരോ വർഷത്തെ അപേക്ഷയ്ക്കും 3000 രൂപ വീതം അടയ്ക്കേണ്ടതുണ്ടോ എന്ന് വ്യക്തമാക്കിയിരുന്നില്ല. അന്വേഷണവിഭാഗത്തിലും ഇക്കാര്യത്തിൽ അവ്യക്തതയായിരുന്നതിനാൽ വിദ്യാർത്ഥികൾ സർവകലാശാലാ പി. ആർ. ഒയെ സമീപിച്ചു. പരീക്ഷാ കൺട്രോളറുടെ കീഴിലെ മോണിറ്ററിംഗ് ആൻഡ് കോ- ഓർഡിനേഷൻ സെക്ഷനിൽ നിന്ന് പി. ആർ. ഒ വിശദീകരണം തേടി. എത്ര അപേക്ഷകൾ സമർപ്പിച്ചാലും അഡിഷണൽ ഫീസ് ആയി ആകെ 3000 രൂപ അടച്ചാൽ മതിയെന്ന വ്യക്തമായ വിശദീകരണം സെക്ഷനിൽ നിന്ന് ലഭിച്ചു.

ഇതിനു ശേഷമായിരുന്നു എൽ.എൽ.ബി പരീക്ഷാവിഭാഗത്തിന്റെ കളി. പുതിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പരീക്ഷാഫീസ് അടച്ച വിദ്യാർത്ഥികൾക്ക് മെമ്മോ വരുന്നു. ഓരോ അപേക്ഷയ്ക്കും ഒപ്പം 3000 വീതം ഫീസ് അടച്ചേ തീരൂ എന്നറിയിച്ചാണ് നോട്ടീസ്.

കുറേ വിദ്യാർത്ഥികൾ ഫീസ് അടയ്ക്കാൻ നിർബന്ധിതരായി. അടയ്ക്കാത്തവരുടെ ഹാൾടിക്കറ്റ് തടഞ്ഞുവച്ചു!

സിൻഡിക്കേറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് ഒരു വിദ്യാർത്ഥി ഇതു സംബന്ധിച്ച് പരാതി നൽകിയപ്പോൾ ഇതിനേക്കാൾ വിചിത്രമായ തീരുമാനമാണുണ്ടായത്. കുറേപ്പേർ അധിക തുക അടച്ചതിനാൽ അവർക്കു തുക മടക്കി നൽകാൻ വിഷമമുണ്ടെന്നും അതിനാൽ ശേഷിക്കുന്നവരും അധികതുക അടയ്ക്കണമെന്നുമായിരുന്നു സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ നിർദ്ദേശം. പഞ്ചവത്സര എൽ. എൽ. ബി പരീക്ഷ എഴുതുന്ന ഒരു വിദ്യാർത്ഥി അഡിഷണൽഫീസായി മാത്രം 15000 രൂപ അടയ്ക്കേണ്ട സ്ഥിതി.

"സർവകലാശാല നിശ്ചയിക്കുന്ന ഫീസടയ്ക്കാൻ തയ്യാറാണെങ്കിലും പരീക്ഷാ വിഭാഗത്തിലെ ഒരുവിഭാഗം ഉദ്യോഗസ്ഥരുടെ പിടിവാശി വരുത്തിവച്ച വീഴ്ചയ്ക്ക് ഞങ്ങൾ പിഴ മൂളേണ്ടി വരുന്നതിന് എന്ത് ന്യായമുണ്ട്"- ഒരു വിദ്യാർത്ഥി രോഷത്തോടെ ചോദിക്കുന്നു.



## പരീക്ഷാഫീസിനു പുറമേ 3000 രൂപ അഡിഷണൽ ഫീസ്

## മാലിന്യ നീക്കം നിലച്ചതോടെ

## കുടുംബശ്രീ ക്ലീനിംഗ് തൊഴിലാളികളുടെ ജീവിതം

## ദുരിതത്തിൽ



# ഞങ്ങൾക്കും ജീവിക്കണം

**സി.പി. ദീപു**

തിരുവനന്തപുരം: "കോർപറേഷന്റെ പേരെഴുതി വച്ച് ഞാനും പിള്ളാരും ചാകും, അല്ലാതെ ജീവിക്കാൻ യാതൊരു നിവൃത്തിയുമില്ല. പട്ടിണി കിടക്കുന്ന പിള്ളാരേം കണ്ട് ജീവിക്കാൻ വയ്യ" നിറഞ്ഞൊഴുകുന്ന കണ്ണുകളുമായി കുടുംബശ്രീ പ്രവർത്തകയായ ചിത്രാപുഷ്പം ഇത് പറയുന്നത് തങ്ങളെ വഞ്ചിച്ച കോർപ്പറേഷനോടുള്ള പക കൊണ്ടല്ല മറിച്ച് സ്വന്തം കുട്ടികൾക്ക് ഒരു നേരത്തെ അന്നം നൽകാനാകാത്തതിന്റെ വേദന കൊണ്ടാണ്.

മാലിന്യ നീക്കം നിലച്ചതോടെ ക്ലീൻവെൽ തൊഴിലാളികളായ ഇവരുടെ ജോലിയും നഷ്ടമായി. കഴിഞ്ഞ ഒരു പതിറ്റാണ്ടായി നഗര മാലിന്യം ശേഖരിക്കുന്ന തങ്ങളെ നഗരസഭ ചൂഷണം ചെയ്യുകയാണെന്ന പരാതിയാണിവർക്കുള്ളത്. മാലിന്യ ശേഖരണം നടത്തുന്ന ഇവർക്ക് നഗരസഭ ഒരു രൂപ പോലും ശമ്പളം നൽകിയിട്ടില്ല. വീടുകളിൽ നിന്ന് പിരിച്ചെടുക്കുന്ന തുകയിൽ നിന്നാണ് ഇവർക്ക് ദിവസവരുമാനം ലഭിക്കുന്നത്. 'സ്വയം തൊഴിൽ സന്നദ്ധ സംഘടനകൾ' എന്ന പേരിലാണ് തൊഴിൽ നൽകിയതെന്ന ന്യായം പറഞ്ഞ് കൂലി കൊടുക്കാതെ പണിയെടുപ്പിക്കുന്ന നഗരസഭ ഇവരുടെ വേദന കണ്ടില്ലെന്ന് നടിക്കുകയാണ്.

82 യൂണിറ്റുകളിലായി 850- ഓളം ക്ലീൻവെൽ തൊഴിലാളികളാണ് നിലവിലുള്ളത്. മാലിന്യ ശേഖരണത്തിനായി ഉപയോഗിക്കുന്ന 'നഗരസഭ' എന്ന ബോർഡ് തൂക്കിയ വാഹനം പോലും ഇവർ ലോണെടുത്ത് വാങ്ങിയതാണ്. ജോലി നടക്കാതായതോടെ ലോൺ തിരിച്ചടക്കാൻ കഴിയാതായി. ജോലി നടന്നാലും ഇല്ലെങ്കിലും പണം തിരിച്ചടയ്ക്കാൻ ബാങ്കിൽ നിന്ന് നിർദ്ദേശമുണ്ടായതോടെ ഇവർ ദുരിതത്തിലായി. ഡ്രൈവർ ശമ്പളം, ഡീസൽ, എ.ഡി.എസിന്റെ ശമ്പളത്തിന്റെ ഒരു വിഹിതം, കൈയ്യുറ, ഡ്രസ്, മാസ്ക്, വിസിൽ, തൊപ്പി, ബിൽബുക്ക് തുടങ്ങിയ സാധനങ്ങൾക്കെല്ലാം വക കണ്ടെത്തുന്നത് ഇവർ വീടുകളിൽ നിന്ന് പിരിച്ചെടുക്കുന്ന തുകയിൽ നിന്ന് തന്നെ. വാഹനം വർക്ഷോപ്പിലായാൽ പിന്നെ ആ മാസം ശമ്പളത്തിനായി പണം ബാക്കിയുണ്ടാവില്ല. വണ്ടിയുടെ ടാക്സും ഇൻഷ്വറൻസുമെല്ലാം ഇവരുടെ പേരിൽ തന്നെ. ഇവരുടെ ശമ്പളമുൾപ്പടെ എല്ലാ ചെലവുകളുടേയും പകുതി നഗരസഭ നൽകണമെന്നാണ് വ്യവസ്ഥ. എന്നാൽ വ്യവസ്ഥ പാലിക്കുന്നില്ലെന്ന് മാത്രമല്ല മുനിസിപ്പാലിറ്റി സർവീസ് ടാക്സ് എന്ന പേരിൽ 70 രൂപ വീതം ഇവരിൽ നിന്ന് ഈടാക്കി പിച്ച ചട്ടിയിൽ നിന്ന് കൈയിട്ട് വാരുന്ന നയമാണ് നഗരസഭ സ്വീകരിച്ചിരിക്കുന്നതെന്നാണ് തൊഴിലാളികൾ പറയുന്നത്.

ഇവർ ചോര നീരാക്കിയുണ്ടാക്കുന്ന തുച്ഛമായ വരുമാനത്തെ മാത്രം ആശ്രയിച്ച് ജീവിക്കുന്ന ഇവരുടെ കുടുംബങ്ങളെല്ലാം ഇന്ന് ആത്മഹത്യയുടെ മുനമ്പിലാണ്. "ജീവിക്കാൻ മറ്റൊരു നിവൃത്തിയുമില്ലാഞ്ഞിട്ടാണ് മാലിന്യം വാരാൻ ഇറങ്ങിയത്. കുടുംബശ്രീക്കാരെ കോർപ്പറേഷന് വേണ്ടന്നാണ് ഇപ്പോൾ പറയുന്നത്. 6 വർഷം ജോലി തന്നത് അവരുടെ കാരുണ്യം കൊണ്ടാണു പോലും. മക്കളെ കുറിച്ചോർക്കുമ്പോൾ ചാകാനും തോന്നുന്നില്ല. എന്ത് ജോലി ചെയ്യാനും തയ്യാറാണ്. തെണ്ടി നടക്കാൻ വയ്യാത്തോണ്ടാണ് ഇപ്പോഴും ഇവരുടെ കാല് പിടിക്കുന്നത്. ഇനിയൊരിക്കലും ആരെയും ഇങ്ങനെ ചതിക്കരുത്." പറയുന്നതിനൊപ്പം തൊഴിലാളികളുടെ കണ്ണുകൾ നിറഞ്ഞൊഴുകി.

ചൂഷണത്തിനെതിരേ ശബ്ദിച്ചാൽ ജോലിയിൽ നിന്ന് പിരിച്ച് വിടുമെന്ന് ഭീഷണിപ്പെടുത്തിയാണ് ഇവരുടെ വായടപ്പിച്ചിരുന്നത്.

കാരണമെന്തായാലും ജോലിക്ക് ഹാജരായില്ലെങ്കിൽ പിഴ നൽകണം. ഒപ്പിടാൻ അല്പനേരം വൈകിയാൽ അന്ന് ശമ്പളമില്ലാതെ പണിയെടുക്കണം.

പീഡനങ്ങളെല്ലാം സഹിച്ച് ജീവിക്കാനുള്ള വക തേടിയെത്തിയവരെ യാതൊരു മനസാക്ഷിയുമില്ലാതെ കൈയൊഴിഞ്ഞതോടെ കൂട്ട ആത്മഹത്യയെ കുറിച്ച് ഇവർ ചിന്തിച്ച് തുടങ്ങിയിരിക്കുന്നു. "ഞങ്ങളെ മനുഷ്യരായി കാണണം. ഞങ്ങളും ഞങ്ങളുടെ കുടുംബവും ജീവിച്ചിരിക്കാൻ ദയവായി സഹായിക്കണം."

# പുവർഹോമിൽ നിന്ന് അന്താരാഷ്ട്ര ഫിലിം ഫെസ്റ്റിലേക്ക്



ജിൻസിയും (ഇടത്) അനഘയും

## കാമറ: അനഘ

## സഹസംവിധാനം: ജിൻസി

തിരുവനന്തപുരം: ശ്രീ ചിത്രാ ഹോമിലെ അനഘയ്ക്കും ജിൻസിക്കും ഇനി തായ്‌വാനിലേക്കു പറക്കാം. അതും സർക്കാർ ചെലവിൽ.

ഇവർ നിസാരക്കാരല്ല. അനഘ ഛായാഗ്രഹകയും ജിൻസി സഹ സംവിധായികയുമാണ്. ഇവരുടെ 'നിഷാദം' എന്ന ഡോക്യുമെന്ററി തായ്‌വാനിൽ നടക്കുന്ന അന്താരാഷ്ട്ര ഫിലിം ഫെസ്റ്റിവലിൽ പ്രദർശിപ്പിക്കുന്നു.

ഈ കൊച്ചു കാലാകാരികളുടെ നിർദ്ധനാവസ്ഥ പരിഗണിച്ച് ഇവരുടെ യാത്രാചെലവ് വഹിക്കാൻ സർക്കാർ തയ്യാറാവുകയായിരുന്നു. ഇക്കാര്യം മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഇന്നലെ പ്രഖ്യാപിച്ചു. മാർച്ച് 30 മുതൽ ഏപ്രിൽ 5 വരെയാണ് തായ്‌വാൻ ഫിലിം ഫെസ്റ്റിവൽ നടക്കുന്നത്. ഈ ഫെസ്റ്റിവലിൽ കുട്ടികൾ ഒരുക്കിയ ചിത്രങ്ങളുടെ വിഭാഗത്തിലാണ് 'നിഷാദം' പ്രദർശിപ്പിക്കുന്നത്.

നേരത്തെ ഈ ഡോക്യുമെന്ററി ഹൈദരാബാദിൽ നടന്ന ദേശീയ ചിൽഡ്രൻസ് ഫിലിം ഫെസ്റ്റിവലിൽ പ്രദർശിപ്പിച്ചിരുന്നു. അന്ന് ജൂറിയുടെ പ്രത്യേക പരാമർശത്തിന് അർഹമാവുകയും ചെയ്തു.

വിദ്യാർത്ഥിനിയായ ഹിമ ചന്ദ്രൻ സംവിധാനം ചെയ്ത 'നിഷാദ' ത്തിൽ വിഷ്ണുപ്രിയ, അസ്മിൻ എന്നീ വിദ്യാർത്ഥിനികളും പ്രവർത്തിച്ചു.

കുട്ടികൾക്കായി സഞ്ജീവ് ശിവൻ വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ നടത്തിയ ചലച്ചിത്ര പഠന ക്യാമ്പാണ് ഇവരെ ചലച്ചിത്രകാരികളാക്കി മാറ്റിയത്. ക്യാമ്പിന്റെ ഭാഗമായി കുട്ടികളെ അഞ്ചുപേരടങ്ങുന്ന ഗ്രൂപ്പുകളാക്കി തിരിച്ച് സിനിമ, ഡോക്യുമെന്ററികൾ ഒരുക്കാൻ നിയോഗിച്ചിരുന്നു. അങ്ങനെയാണ് ഈ അഞ്ചംഗ സംഘം എയ്ഡ്സ് ബാധിച്ച കുട്ടികളെ കുറിച്ച് ഡോക്യുന്റെറി എടുക്കാൻ തീരുമാനിച്ചത്. എയ്ഡ്സ് ബാധിതയായ കൊല്ലം സ്വദേശിനി ബെൻസിയെ ഡോക്യുമന്ററിയുടെ കേന്ദ്രബിന്ദുവാക്കാമെന്ന് നിർദേശിച്ചത് ആ നാട്ടുകാരിയായ അനഘയായിരുന്നു.

**ഈ കൊച്ചു കാലാകാരികളുടെ നിർദ്ധനാവസ്ഥ പരിഗണിച്ച് ഇവരുടെ യാത്രാചെലവ് വഹിക്കാൻ സർക്കാർ തയ്യാറാവുകയായിരുന്നു. ഇക്കാര്യം മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഇന്നലെ പ്രഖ്യാപിച്ചു. മാർച്ച് 30 മുതൽ ഏപ്രിൽ 5 വരെയാണ് തായ്‌വാൻ ഫിലിം ഫെസ്റ്റിവൽ നടക്കുന്നത്.**

ഒൻപത് മിനിട്ട് ദൈർഘ്യമുള്ള 'നിഷാദം' ശ്രദ്ധിക്കപ്പെട്ടു. ഈ ചിത്രം തായ്‌വാൻ ഫിലിം ഫെസ്റ്റിവലിലെ എൻട്രിയായി അയച്ചു കൊടുത്തത് സഞ്ജീവ് ശിവനാണ്. എൻട്രി കിട്ടിയപ്പോൾ കുട്ടികളുടെ നിർദ്ധനാവസ്ഥ പരിഗണിച്ച് സർക്കാർ സഹായം നൽകണമെന്ന് പറഞ്ഞ് നിവേദനം നൽകിയതും അദ്ദേഹം തന്നെ. ക്യാമ്പിൽ പങ്കെടുത്ത 25 കുട്ടികളുടെ കലാവാസനയെ ആസ്പദമാക്കി സഞ്ജീവ് ശിവൻ സംവിധാനം ചെയ്ത 25 കുട്ടികളും അവരുടെ കഥയും എന്ന ഡോക്യുമെന്ററിയും ഫെസ്റ്റിവലിൽ പ്രദർശിപ്പിക്കുന്നുണ്ട്.

ഫോർട്ട് മിഷൻ സ്കൂളിലെ ഒൻപതാം ക്ളാസ് വിദ്യാർത്ഥികളാണ് എൽ.ബി. ജിൻസിയും അനഘയും. രണ്ടു പേരും മൂന്നു വർഷം മുമ്പാണ് ശ്രീചിത്രാ ഹോമിലെത്തി.

തായ്‌വാനിലേക്കു പോകാൻ സർക്കാർ സഹായം ലഭിച്ചുവെന്ന് ഇവർ അറിയുന്നത് മാദ്ധ്യമ പ്രവർത്തകരിൽ നിന്നാണ്. " വിശ്വസിക്കാൻ തന്നെ പ്രയാസം. ഞങ്ങളെ പോലെയുള്ളവർക്ക് തായ്‌വാനിലൊക്കെ പോകാൻ പറ്റുമോ?" ജിൻസിയുടേയും അനഘയുടേയും വാക്കുകളിൽ അത്ഭുതം.

# ഇങ്ങനെയൊക്കെയാണ് ഇവിടത്തെ വൃത്തി

## പദ്മനാഭസ്വാമി ക്ഷേത്രത്തിന്റെ സുരക്ഷയ്ക്കായി നിയോഗിച്ചിരുന്ന പൊലീസുകാർ താമസിച്ചിരുന്നത് ഇവിടെയാണ്

*ഫോട്ടോ: ജിതേഷ് ദാമോദർ*



പൊലീസുകാർ താമസിച്ചിരുന്ന കിഴക്കേ നടയ്ക്ക് സമീപത്തെ വൃത്തിഹീനമായ ഹാൾ



ഹാളിനു സമീപത്തെ മാലിന്യക്കൂമ്പാരം



മേയർ കെ. ചന്ദ്രിക ഇന്നലെ ക്യാമ്പ് സന്ദർശിച്ചപ്പോൾ

## പദ്മനാഭസ്വാമി ക്ഷേത്രം

# സുരക്ഷാ ചുമതലയിൽ നിന്ന് എസ്.പിയെ നീക്കി

**ബിജു ഗോപിനാഥ്**

തിരുവനന്തപുരം: കോടാനുകോടി വില മതിക്കുന്ന നിധിശേഖരമുള്ള ശ്രീ പദ്മനാഭസ്വാമി ക്ഷേത്രത്തിന്റെ സുരക്ഷാ ചുമതലയിൽ നിന്ന് എസ്.പി സനൽകുമാറിനെ നീക്കി.

ഇദ്ദേഹത്തിനെതിരെ നിരവധി പരാതികൾ ഉന്നതർക്ക് ലഭിച്ച സാഹചര്യത്തിലാണ് തീരുമാനമെന്നറിയുന്നു. ട്രാവൻകൂർ ടൈറ്റാനിയത്തിലെ സെക്യൂരിറ്റി എസ്.പിയായയാണ് നിയമനം.

പദ്മനാഭസ്വാമി ക്ഷേത്രത്തിൽ വൻ നിധിശേഖരം കണ്ടെടുക്കുകയും ക്ഷേത്രപരിസരം ജില്ലാ പൊലീസ് സൂപ്രണ്ട് റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനു കീഴിലാക്കാൻ തീരുമാനിക്കുകയും ചെയ്തതോടെയാണ് ക്ഷേത്ര ചുമതലയ്ക്ക് മാത്രം ഒരു എസ്.പിയെ നിയമിച്ചത്. പ്രത്യേക കൺട്രോൾ റൂമും ക്ഷേത്രത്തിന്റെ കിഴക്കേ നടയിൽ ആരംഭിച്ചു.

എന്നാൽ ക്ഷേത്രത്തിലെ ആചാരങ്ങൾ തെറ്റിക്കുകയും ഗുണ്ടകൾക്കും സീരിയൽ നടിമാർക്കും മറ്റും യഥേഷ്ടം ക്ഷേത്രപ്രവേശനത്തിന് സൗകര്യമൊരുക്കുന്നതായും എസ്.പിക്കെതിരെ ആരോപണം ഉയർന്നിരുന്നു. അടുത്തയിടെ രാജകുടുംബാംഗമായ വനിതയും എസ്.പിക്കെതിരെ പരാതി ഉന്നയിച്ചിരുന്നു. ഈ സാഹചര്യത്തിലാണ് എസ്.പിയെ ക്ഷേത്രത്തിന്റെ സുരക്ഷാ ചുമതലയിൽ നിന്ന് നീക്കിയത്.

അതേ സമയം പകരം നിയമനം നേടിയ എസ്.പിക്ക് ക്രമസമാധാന രംഗത്ത് പരിചയമില്ലെന്ന് ആരോപണം ഉയർന്നു.

പദ്മനാഭസ്വാമി ക്ഷേത്ര സുരക്ഷാ ചുമതലയ്ക്കായി നിയോഗിച്ച കമാൻഡോകളെ മറ്റ് പല സ്ഥലങ്ങളിലും നിയോഗിക്കുന്നതായി ആരോപണമുണ്ട്. ശബരിമല ഉത്സവ സീസണിൽ പദ്മനാഭസ്വാമി ക്ഷേത്ര പരിസരത്തു നിന്ന് ശബരിമലയിലേക്കു കൊണ്ടുപോയ കമാൻഡോ അംഗങ്ങൾ അടുത്തയിടെയാണ് മടങ്ങിവന്നത്.

ഇതിനിടെ ജനുവരി 26 ലെ റിപ്പബ്ളിക് ദിന പരേഡിൽ മുഖ്യമന്ത്രിക്കൊപ്പം സുരക്ഷാ വലയം തീർക്കാനെത്തിയതും ഇതേ കമാൻഡോകളായിരുന്നു. ചുരുക്കത്തിൽ പദ്മനാഭസ്വാമി ക്ഷേത്ര സുരക്ഷയാണ് പ്രധാന ചുമതലയെങ്കിലും മറ്റ് സുരക്ഷാ ചുമതലകൾ നിർവഹിച്ച ശേഷമേ ക്ഷേത്ര സുരക്ഷയെ കുറിച്ച് ശ്രദ്ധിക്കാൻ കമാൻഡോകൾക്ക് സമയം കിട്ടുന്നുള്ളൂ എന്നാണ് പരാതി.

e-mail: city@kaumudi.com

സിറ്റി കൗമുദി

2012
ഫെബ്രുവരി
2
വ്യാഴം


വിവാഹശേഷവും ഞാൻ അഭിനയരംഗത്ത് ഉണ്ടാവും. ഞാൻ സിനിമയിൽ അഭിനയിക്കുന്നത് ആഞ്ജനേയന്റെ വീട്ടുകാർക്ക് ഇഷ്ടമാണ്. എത്രനാൾ വേണമെങ്കിലും അഭിനയിച്ചുകൊള്ളുവെന്നാണ് അവർ പറയുന്നത്


അനന്യ

# അനന്യയുടെ വിവാഹനിശ്ചയം ഇന്ന്

ചലച്ചിത്രതാരം അനന്യയുടെ വിവാഹനിശ്ചയമാണ് ഇന്ന്. കൊച്ചിയിലെ ഐ. എം. എ ഹാളിലാണ് ചടങ്ങുകൾ. തൃശൂർ സ്വദേശിയും ബിസിനസുകാരനുമായ ആഞ്ജനേയന്റെ ജീവിതത്തിലേക്കാണ് അനന്യ പ്രിയസഖിയായി എത്തുന്നത്. അനന്യ പറയുന്നു. വിവാഹശേഷവും ഞാൻ അഭിനയരംഗത്ത് ഉണ്ടാവും. ഞാൻ സിനിമയിൽ അഭിനയിക്കുന്നത് അദ്ദേഹത്തിന്റെ വീട്ടുകാർക്ക് ഇഷ്ടമാണ്. എത്രനാൾവേണമെങ്കിലും അഭിനയിച്ചുകൊള്ളുവെന്നാണ് പറയുന്നത്. അഭിനയരംഗത്ത് തുടരണമെന്നുതന്നെയാണ് എന്റെയും ആഗ്രഹം.നല്ല കഥാപാത്രങ്ങൾ തുടർന്നും അവതരിപ്പിക്കണം. ഞങ്ങൾ തമ്മിൽ പ്രണയത്തിലായിരുന്നുവെന്ന് ഇപ്പോൾ പ്രചാരണം ഉണ്ടായി. പെണ്ണുകാണൽ ചടങ്ങിനുവന്നപ്പോഴാണ് ഞങ്ങൾ നേരിൽ കാണുന്നത് തന്നെ. കഴിഞ്ഞ നവംബറിലായിരുന്നു അത്. രണ്ടുപേരുടെയും ജാതകം ചേരും. മനസിന്റെ പൊരുത്തമല്ലേ അതിലും വലുത്. ഞങ്ങൾ നോക്കുന്നത് അതുതന്നെയാണ്. വിവാഹം എന്നു നടക്കുമെന്ന് ഇന്ന് തന്നെ പറയാം. മാസ്റ്റേഴ്സ് അടുത്ത മാസം റിലീസ് ചെയ്യും. വിവാഹത്തിന്റെ തിരക്ക് വരുംമുൻപ് കമ്മിറ്റ് ചെയ്ത പ്രൊജക്ടുകൾ പൂർത്തിയാക്കണം.


ഇല്യാന

# ഇല്യാനയുടെ അരക്കെട്ട്

കോളിവുഡിൽ ഇല്യാനയ്ക്ക് പുതിയ പേര് വീണു. അരക്കെട്ട് നടി. നൃത്തരംഗങ്ങളിൽ അരക്കെട്ട് കുലുക്കിയുള്ള ഇല്യാനയുടെ പ്രകടനം കാഴ്ച തന്നെയാണ്. നൻപൻ കണ്ട പ്രേക്ഷകർ വിസ്മയത്തോടെയാണ് താരത്തിന്റെ അരക്കെട്ട് കുലുക്ക് കണ്ടത്. വെളുത്ത മെലിഞ്ഞ ഇല്യാന ഒരു ഭാഷയിലും സജീവ സാന്നിദ്ധ്യം അറിയിക്കാൻ താത്പര്യം കാട്ടുന്നില്ല. പുതിയ ആഗ്രഹം ഇല്യാനയുടെ മനസിൽ മൊട്ടിട്ടിട്ടുണ്ട്. മലയാള സിനിമയിൽ അഭിനയിക്കണം. മല്ലുവുഡിന് ഭാഗ്യമുണ്ടെങ്കിൽ താരത്തിന്റെ അരക്കെട്ട് കുലുക്ക് ആസ്വദിക്കാം.


കാഴ്ചയ്ക്കപ്പുറം എന്ന ഹ്രസ്വചിത്രത്തിൽ നിന്ന്

# കാണാകാഴ്ചകളുമായി കാഴ്ചക്കപ്പുറം

തിരുവനന്തപുരം: സ്വന്തം ജീവിതത്തെ കാത്തിരിക്കുന്ന ഒരു മഹാദുരന്തത്തെ കുറിച്ചോർത്ത് മാനസിക സംഘർഷത്തിലാകുന്ന ബാലികയുടെ കഥയുമായി കാഴ്ചക്കപ്പുറം പ്രേക്ഷകരിലേക്കെത്തി. രാജേഷ് തേക്കട സംവിധാനം നിർവഹിച്ച കാഴ്ചക്കപ്പുറം എന്ന ഹ്രസ്വ ചലച്ചിത്രത്തിന്റെ ആദ്യ പ്രദർശനം ഇന്നലെ കൈരളി തിയറ്ററിലാണ് നടന്നത്. നടൻ മധു പ്രദർശനം ഉദ്ഘാടനം ചെയ്തു.

മുല്ലപ്പെരിയാർ അണക്കെട്ട് സൃഷ്ടിക്കുന്ന ഭീഷണി അണക്കെട്ടിന്റെ സമീപവാസികളായ കുട്ടികളിൽ ഉണ്ടാക്കുന്ന മാനസിക പ്രശ്നങ്ങളാണ് സിനിമയുടെ പ്രമേയം. അണക്കെട്ട് തകരും എന്ന ഭീതിയിൽ കഴിയുന്ന അമ്മു എന്ന കൊച്ചു പെൺകുട്ടിക്കുണ്ടാകുന്ന മാനസിക പ്രശ്നങ്ങളും തുടർന്ന് അവളുടെ കുടുംബം നേരിടുന്ന വിഷമതകളും കാഴ്ചക്കപ്പുറം പങ്കു വയ്ക്കുന്നു. കേരളത്തിലെ ഏറ്റവും സജീവ വിഷയമായിട്ടു പോലും മുല്ലപ്പെരിയാർ വിഷയത്തിൽ അധികാരവർഗം പുലർത്തുന്ന നിസംഗതയെ ചോദ്യം ചെയ്യുകയാണ് ചിത്രം.

മുല്ലപ്പെരിയാർ വിഷയത്തിൽ വരാൻ പോകുന്ന ദുരന്തത്തേക്കാൾ അത് ജനങ്ങളിൽ ഉണ്ടാക്കിയ ഭീതിയും മാനസിക പ്രശ്നങ്ങളും മികച്ച രീതിയിൽ അവതരിപ്പിക്കാൻ സംവിധായകനു കഴിഞ്ഞതായി നടൻ മധു അഭിപ്രായപ്പെട്ടു. തന്റെ ആദ്യസംരഭത്തിനു കിട്ടുന്ന നല്ല പ്രതികരണങ്ങളിൽ അതിയായ സന്തോഷം ഉണ്ടെന്നും, കേരളത്തെ മൊത്തത്തിൽ ബാധിക്കാൻ പോകുന്ന പ്രശ്നം എന്ന നിലയിലാണ് ഈ വിഷയം തിരഞ്ഞെടുത്തതെന്നും സംവിധായകൻ രാജേഷ് തേക്കട പറഞ്ഞു.

രാജേഷ് തന്നെയാണ് ചിത്രത്തിന്റെ നിർമാണവും നിർവഹിച്ചിരിക്കുന്നത്. തുളസി കൊഞ്ചിറയുടെ കഥയ്ക്ക് സെന്തിൽ വിശ്വനാഥ് തിരക്കഥയും സംഭാഷണവും ഒരുക്കിയിരിക്കുന്നു. അമ്മു എന്ന സ്കൂൾ വിദ്യാർത്ഥിനിയുടെ വേഷം ശ്രദ്ധേയമാക്കിയ അമൃത, ബൈജു, മോഹൻ വെഞ്ഞാറമ്മൂട്, മഞ്ചു സതീഷ്, ആമി, സുഭാഷ്, ബീന സുനിൽ, ബിജീഷ് പന്നിയൂർ എന്നിവരാണ് അഭിനേതാക്കൾ


അമൃത


ജയസൂര്യ

# മോഷ്ടാവ് മണിയൻപിള്ള വരുന്നു

മോഷ്ടാവ് മണിയൻപിള്ളയുടെ തസ്കരമണിയൻപിള്ള എന്ന ആത്മകഥ കള്ളൻ എന്ന പേരിൽ സിനിമയാവുന്നു. നായകൻ ജയസൂര്യ. അനശ്വര സിനിമാസിന്റെ ബാനറിൽ ബാബുജനാർദ്ദനൻ സംവിധാനം ചെയ്യുന്ന കള്ളന്റെ കഥ പത്രപ്രവർത്തകനും ചലച്ചിത്രസംവിധായകനുമായ ജി.ആർ. ഇന്ദുഗോപന്റേതാണ്. തിരക്കഥ, സംഭാഷണം- ബാബു ജനാർദ്ദനൻ, ജി.ആർ. ഇന്ദുഗോപൻ, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ- അരുൺ. പി.വാസുദേവൻ.


സത്യൻ അന്തിക്കാട്

# ശ്രീനിവാസന്റെ തിരക്കഥയിൽ സത്യൻ വീണ്ടും

പതിനൊന്നു വർഷത്തിനുശേഷം ശ്രീനിവാസന്റെ തിരക്കഥയിൽ സത്യൻ അന്തിക്കാട് സിനിമ സംവിധാനം ചെയ്യുന്നു. സത്യൻ അന്തിക്കാടിന്റെ അടുത്ത സിനിമയുടെ തിരക്കഥ ശ്രീനിവാസന്റേതാണ്. ഒട്ടേറെ സൂപ്പർ ഹിറ്റുകൾ ഒരുക്കിയ ഇവർ വീണ്ടും ഒന്നിക്കുന്ന സിനിമയിലെ നായകനെ നിശ്ചയിച്ചിട്ടില്ല.


ശ്രീനിവാസൻ